“ഭരണഭാഷ-മാതൃഭാഷ”

നമ്പർ: **KTDS/431/2025-C (3)**

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
കോഴിക്കോട്- **673 017**
ഫോൺ നമ്പർ: **0495 2356805**
ഇ-മെയിൽ: **kirtads@gmail.com**
kirtads@kerala.gov.in
തീയതി: **30-09-2026**

<u>താൽപ്പര്യപത്രം</u>

താൽപ്പര്യപത്രം സമർപ്പിക്കാനുള്ള അവസാന തീയതി:	**06/10/2026 - 3 PM**
താൽപ്പര്യപത്രം തുറക്കുന്ന തീയതി	**06/10/2026 - 5 PM**
അടങ്കൽ തുക	**30,000/-** രൂപ (മുപ്പതിനായിരം രൂപ)

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ടെയിനിങ് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ്സ് (കിർടാഡ്സ്) , ചേവായൂർ, കോഴിക്കോട് -17 നടത്തുന്ന **"Ethnic Taste of Kerala A Research-cum-Entrepreneurship Study of Tribal Cuisine"** എന്ന പദ്ധതിയുടെ ഭാഗമായി കിർടാഡ്സ് പരിശീലന മന്ദിരത്തിൽ വെച്ച് നടത്തുന്ന **Ethnic Cuisine Workshop നു** വേണ്ടി ഫോട്ടോ/വീഡിയോ ഡോക്യുമെന്റേഷൻ ചെയ്യാനായി, വീഡിയോ എഡിറ്റിങ്ങിലും സോഷ്യൽ മീഡിയാ ഹാൻഡ് ഔട്ടുകൾ ചെയ്ത് പരിചയമുള്ള സോഷ്യൽ മീഡിയാ ഹാൻഡ് ഔട്ടുകൾ നിർമ്മാണം, ഫോട്ടോഗ്രാഫിയിലും ഡയറക്ഷനിലും താല്പര്യമുള്ള താഴെ പറയുന്ന യോഗ്യതകൾ ഉള്ള എഡിറ്റർമാരിൽനിന്നും പ്രായഭേദമന്യേ താൽപ്പര്യപത്രം ക്ഷണിക്കുന്നു.

കേരളത്തിലെ വിവിധ ഗോത്രവിഭാഗങ്ങളുടെ ഭക്ഷണരീതികൾ, ഭക്ഷ്യവിളകൾ, കാട്ടുഭക്ഷണങ്ങൾ, ഔഷധഗുണമുള്ള വിഭവങ്ങൾ, പാചകരീതികൾ, പോഷകഗുണങ്ങൾ, ഭക്ഷണവുമായി ബന്ധപ്പെട്ട ആചാരങ്ങൾ എന്നിവയെക്കുറിച്ച് ശാസ്ത്രീയമായി പഠിച്ച് രേഖപ്പെടുത്തുകയും അവയെ സംരംഭകത്വ സാധ്യതകളുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

ആധുനിക ഭക്ഷണരീതികളുടെ വ്യാപനത്തോടെ അനേകം പരമ്പരാഗത ഗോത്രവിഭവങ്ങളും പാചകരീതികളും ഉപയോഗത്തിൽനിന്ന് അപ്രത്യക്ഷമാകുന്ന സാഹചര്യത്തിൽ അവയെ പുനരുജ്ജീവിപ്പിക്കുകയും സമൂഹത്തിന് പരിചയപ്പെടുത്തുകയും ചെയ്യുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

വീഡിയോ എഡിറ്റിങ്ങിലും സോഷ്യൽ മീഡിയാ ഹാൻഡ് ഔട്ടുകൾ ചെയ്യുമുള്ള പരിചയമുള്ള, സോഷ്യൽ മീഡിയാ ഹാൻഡ് ഔട്ടുകൾ നിർമ്മാണം, ഫോട്ടോഗ്രാഫിയിലും

ഡയറക്ഷനിലും താല്പര്യമുള്ള എഡിറ്റർമാർക്ക് പ്രായഭേദമന്യേ താത്പര്യപത്രം സമർപ്പിക്കാവുന്നതാണ്.

ചുമതലകൾ

തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തി/സ്ഥാപനം താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നിർവഹിക്കേണ്ടതാണ്.

1. കിർടാഡ്സ് ക്യമ്പസിലും നടക്കുന്ന പരിപാടിയിൽ ഗോത്രവിഭവങ്ങളുടെ വീഡിയോ, ഫോട്ടോഗ്രാഫി, റെസിപ്പി രേഖപ്പെടുത്തൽ എന്നിവ നടത്തുക.

2. പാചകവിദഗ്ധർ, സമൂഹാംഗങ്ങൾ എന്നിവരുടെ അഭിമുഖങ്ങൾ തയ്യാറാക്കുക. - **8** അഭിമുഖം

3. **KIRTADS Ethnic Food Channel**-നായി ഉയർന്ന നിലവാരത്തിലുള്ള വീഡിയോ, റീൽസ്, ഡോക്യുമെന്ററി, സോഷ്യൽ മീഡിയ ഹാൻഡ്ഔട്ടുകൾ തയ്യാറാക്കുക.

യോഗ്യതകൾ

1. റീൽ നിർമ്മാണത്തിൽ മികവ്
2. കണ്ടന്റ് ക്രിയേഷൻ മികവ്
3. സോഷ്യൽ മീഡിയ റീൽ/ഹാൻഡ് ഔട്ട് തയ്യാറാക്കാനുള്ള അറിവ്
4. ഫുഡ് ഡോക്യൂമെന്റേഷൻ/കുലിനറി സ്റ്റഡീസ്/ആന്ത്രോപോളജി/ഗോത്രങ്ങളുടെ ഫോട്ടോഗ്രാഫി മീഡിയ മേഖലയിൽ പ്രവൃത്തിപരിചയം.
5. വീഡിയോ എഡിറ്റിംഗ്, ഫോട്ടോഗ്രാഫി, സോഷ്യൽ മീഡിയ കണ്ടന്റ് നിർമ്മാണം എന്നിവയിൽ പരിജ്ഞാനം.
6. ഗോത്ര ഫോട്ടോഗ്രാഫി, ഡോക്യുമെന്ററി നിർമ്മാണം, ഡിജിറ്റൽ മീഡിയ എന്നിവയിലെ പരിചയം.

യോഗ്യരായവർ അവരുടെ ഫോട്ടോ, ബയോഡാറ്റ, പൂർണ്ണമായ വിലാസം ഫോൺ നമ്പർ, വാട്സ്ആപ്പ് നമ്പർ, ഇ-മെയിൽ ഐഡി, മുൻപ് ചെയ്ത വീഡിയോ/റീൽ എന്നിവയുടെ സാമ്പിൾ, അപേക്ഷകന്റെ ഫോട്ടോ പതിച്ച ഏതെങ്കിലും തിരിച്ചറിയൽ രേഖ എന്നിവ ഒരു കവറിലും. ഫോട്ടോകൾ/വർക്കുകൾ/പ്രവൃത്തികൾ ഗൂഗിൾ ഡ്രൈവിൽ അപ്ലോഡ് ചെയ്ത ശേഷം കവറിൽ ലിങ്കിന്റെ വിവരവും പ്രവൃത്തികൾ ചെയ്യുന്നതിന് **ആവശ്യമായ തുകയുടെ വിവരം** അടങ്ങിയത് മറ്റൊരു കവറിലും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള താൽപ്പര്യപത്രം, രണ്ട് കവറുകളും കൂടി സീൽചെയ്ത ഒരു കവറിൽ **"ഡയറക്ടർ, കിർടാഡ്സ് വകുപ്പ്, ചേവായൂർ പി.ഒ, കോഴിക്കോട് - 673017"** എന്ന വിലാസത്തിലേക്ക് അയക്കേണ്ടതാണ്. വർക്കുകളുടെ ഫോട്ടോ/വീഡിയോ മാത്രം **dskirtads@gmail.com** എന്ന വിലാസത്തിൽ ഇ.മെയിൽ അയക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി **9446738384** എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

താൽപ്പര്യപത്രം സംബന്ധിച്ച അന്തിമ തീരുമാനം കിർടാഡ്സ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

Digitally signed by
BINDU S
Date: 30-09-2026
18:40:41

ഡയറക്ടർ

പകർപ്പ്:
1. ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കോഴിക്കോട്.
2. കംപ്യൂട്ടർ ഓപ്പറേറ്റർ, കിർടാഡ്സ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. നോട്ടീസ് ബോർഡ്
4. ആഫീസ് പകർപ്പ്